| 21-06-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങൾക്ക് സ്മൃതിയുണർന്നു നമ്മൾ 84 ജന്മങ്ങൾ പൂർത്തിയാക്കി, ഇപ്പോൾ നമ്മുടെ വീടായ ശാന്തിധാമത്തിലേക്ക് പോവുകയാണ്, വീട്ടിലേക്ക് പോകാൻ ഇനി കുറച്ചുസമയമേ ബാക്കിയുള്ളു.**

**ചോദ്യം:-** ഏത് കുട്ടികൾക്കാണോ വീട്ടിലേക്ക് പോകണം എന്ന സ്മൃതിയുള്ളത്, അവരുടെ അടയാളം എന്തായിരിക്കും?
**ഉത്തരം:-** അവർ ഈ പഴയ ലോകത്തെ കണ്ടുകൊണ്ടും കാണില്ല. അവർക്ക് പരിധിയില്ലാത്ത വൈരാഗ്യം ഉണ്ടായിരിക്കും, ജോലി കാര്യങ്ങൾ ചെയ്തുകൊണ്ടും ഭാരരഹിതമായിരിക്കും. അവിടത്തെയും ഇവിടത്തെയും വ്യർത്ഥമായ സംഭാഷണത്തിൽ തന്റെ സമയത്തെ നശിപ്പിക്കില്ല. സ്വയത്തെ ഈ ലോകത്തെ അതിഥിയാണെന്ന് മനസ്സിലാക്കും.

**ഓം ശാന്തി**. നിങ്ങൾ സംഗമയുഗീ ബ്രാഹ്മണ കുട്ടികൾക്ക് മാത്രമേ നമ്മൾ ഈ ലോകത്തിലെ അല്പ സമയത്തിലേക്കുള്ള അതിഥികളാണ് എന്നത് അറിയൂ. നിങ്ങളുടെ സത്യമായ വീട് ശാന്തിധാമമാണ്. അതിനെയാണ് മനുഷ്യർ വളരെയധികം ഓർമ്മിക്കുന്നത്, മനസ്സിന് ശാന്തി ലഭിക്കണം എന്ന് കരുതുന്നു. എന്നാൽ മനസ്സ് എന്താണ്, ശാന്തി എന്താണ്, എങ്ങനെ നമുക്ക് ലഭിക്കും, ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് അറിയാം ഇപ്പോൾ നമ്മുടെ വീട്ടിലേക്ക് പോകാൻ കുറച്ച് സമയമേ ബാക്കിയുള്ളു. ലോകത്തിലെ മുഴുവൻ മനുഷ്യരും നമ്പർവൈസ് ആയി അവിടേക്ക് പോകും. അതാണ് ശാന്തിധാമം, ഇത് ദുഃഖധാമമാണ്. ഇത് ഓർമ്മിക്കുന്നത് സഹജമല്ലേ. വൃദ്ധനായാലും യുവാവായാലും ശരി ഇത് ഓർമ്മിക്കാൻ സാധിക്കുമല്ലോ. ഇതിൽ മുഴുവൻ സൃഷ്ടിയുടേയും ജ്ഞാനമുണ്ട്. മുഴുവൻ കാര്യങ്ങളും ബുദ്ധിയിൽ വരുന്നു. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിൽ ഇരിക്കുകയാണ്, നമ്മൾ ഡ്രാമാപ്ലാൻ അനുസരിച്ച് ശാന്തിധാമത്തിലേക്ക് പോവുകയാണ് എന്നത് ബുദ്ധിയിലുണ്ട്. ഇത് ബുദ്ധിയിലുണ്ടെങ്കിൽ നിങ്ങൾക്ക് സന്തോഷമുണ്ടാകുന്നു, ഓർമ്മയുണ്ടാകും. നമുക്ക് നമ്മുടെ 84 ജന്മങ്ങളുടെ ഓർമ്മ വന്നു. ആ ഭക്തിമാർഗ്ഗം വേറെയാണ്, ഇത് ജ്ഞാനമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ബാബ മനസ്സിലാക്കിത്തരുകയാണ്- മധുരമായ കുട്ടികളേ, ഇപ്പോൾ തന്റെ വീട് ഓർമ്മ വരുന്നുണ്ടോ? എത്ര കേൾക്കുന്നു, എത്രയധികം കാര്യങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ഒരു കാര്യമിതാണ് ഇപ്പോൾ നമ്മൾ ശാന്തിധാമത്തിലേക്ക് പോകും, പിന്നീട് സുഖധാമത്തിലേക്ക് വരും. ബാബ വന്നിരിക്കുന്നതുതന്നെ പാവനമായ ലോകത്തിലേക്ക് കൊണ്ടുപോകുന്നതിനായാണ്. സുഖധാമത്തിലും ആത്മാക്കൾ സുഖത്തിലും ശാന്തിയിലുമാണ് വസിക്കുക. ശാന്തിധാമത്തിലാണെങ്കിൽ ശാന്തി മാത്രമേയുള്ളു, ഇവിടെയാണെങ്കിൽ വളരെയധികം ബഹളങ്ങളല്ലേ. ഇവിടെ മധുബനിൽ നിന്നും നിങ്ങൾ വീട്ടിലേക്ക് പോകുമ്പോൾ ബുദ്ധി വ്യർത്ഥമായതിലേക്കും, തന്റെ ജോലി കാര്യങ്ങളിലേക്കും പോകും. ഇവിടെയാണെങ്കിൽ ആ പ്രശ്നം ഉണ്ടാകുന്നില്ല. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ ശാന്തിധാമനിവാസികളാണ്. ഇവിടെ നമ്മൾ പാർട്ട്ധാരികളായിരിക്കുന്നു, നമ്മൾ എങ്ങനെയാണ് പാർട്ട്ധാരികളാവുന്നത് എന്നത് മറ്റാർക്കും അറിയില്ല! നിങ്ങൾ കുട്ടികളെത്തന്നെയാണ് ബാബ വന്ന് പഠിപ്പിക്കുന്നത്, കോടികളിൽ ചിലരാണ് പഠിക്കുന്നത്. എല്ലാവരും പഠിക്കില്ല. നിങ്ങൾ ഇപ്പോൾ എത്ര വിവേകശാലികളായി മാറി. ആദ്യം വിവേകശൂന്യരായിരുന്നു. ഇപ്പോൾ നോക്കൂ, വഴക്കും ബഹളവും എത്രയാണ്, ഇതിനെ എന്തുപറയും? നമ്മൾ പരസ്പരം സഹോദരങ്ങളാണ്, എന്നത് മറന്നുപോയി. സഹോദരൻ തന്റെ സഹോദരനെ കൊലപ്പെടുത്തുമോ? അതെ, കൊലചെയ്യുന്നത് വെറും സമ്പത്തിനുവേണ്ടിയാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം- നമ്മൾ എല്ലാവരും ഒരു അച്ഛന്റെ മക്കൾ, സഹോദരങ്ങളാണ്. നിങ്ങൾ പ്രാക്ടിക്കലിൽ മനസ്സിലാക്കുന്നുണ്ട്, നമ്മൾ ആത്മാക്കളെ ബാബ വന്ന് പഠിപ്പിക്കുകയാണ്. 5000 വർഷം മുൻപിലത്തേതുപോലെ വന്ന് പഠിപ്പിക്കുകയാണ് എന്തുകൊണ്ടെന്നാൽ ബാബ ജ്ഞാനസാഗരനാണ്, ഈ പഠിപ്പ് വേറെ ആർക്കും അറിയില്ല. ഇതും നിങ്ങൾ കുട്ടികൾക്ക് അറിയാം- ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. സൃഷ്ടിയെ രചിക്കുന്നയാൾ എന്ന് പറയില്ല. സൃഷ്ടി അനാദിയാണ്. സ്വർഗ്ഗത്തെ രചിക്കുന്നയാൾ എന്നാണ് പറയുക, അവിടെ മറ്റൊരു ഖണ്ഡവും ഉണ്ടായിരുന്നില്ല. ഇവിടെയാണെങ്കിൽ വളരെ അധികം ഖണ്ഡങ്ങളാണ്. ഒരു ധർമ്മം, ഒരു ഖണ്ഡം മാത്രമായിരുന്നു. പിന്നീടാണ് വ്യത്യസ്ത ധർമ്മങ്ങൾ വന്നത്.

വ്യത്യസ്ത ധർമ്മങ്ങൾ എങ്ങനെയാണ് വരുന്നത് എന്ന് ഇപ്പോൾ ബുദ്ധിയിലുണ്ട്. ആദ്യമാദ്യം ആദി സനാതന ദേവീ ദേവതാ ധർമ്മമാണ്, സനാതന ധർമ്മം എന്ന് ഇവിടെ പറയാറുണ്ട്. പക്ഷേ അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾ എല്ലാവരും ആദി സനാതന ധർമ്മത്തിലേതാണ്, പതിതമായി എന്നുമാത്രം, സതോപ്രധാനത്തിൽ നിന്നും സതോ-രജോ- തമോയിലേക്ക് വന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട്, നാം

ആദി സനാതന ദേവീദേവതാ ധർമ്മത്തിലേതാണ്, നാം വളരെ പവിത്രമായിരുന്നു, ഇപ്പോൾ പതീതമായി മാറിയതാണ്. നിങ്ങൾ പവിത്രമായ ലോകത്തിന്റെ അധികാരിയായി മാറുന്നതിനായി ബാബയിൽ നിന്നും സമ്പത്ത് എടുത്തിരുന്നു. അറിയാം, നാം ആദ്യം പവിത്രമായ ഗൃഹസ്ഥധർമ്മത്തിലേതായിരുന്നു, ഇപ്പോൾ ഡ്രാമ അനുസരിച്ച് നമ്മൾ രാവണ രാജ്യത്തിൽ പതീത പ്രവൃത്തി മാർഗ്ഗത്തിലേതായി മാറി. നിങ്ങൾ തന്നെയാണ് വിളിച്ചത് – അല്ലയോ പതിത പാവനാ, ഞങ്ങളെ സുഖധാമത്തിലേക്ക് കൊണ്ടുപോകൂ. ഇന്ന ലത്തെ കാര്യമാണ്. ഇന്നലെ നിങ്ങൾ പവിത്രമായിരുന്നു, ഇന്ന് അപവിത്രമായി മാറി വിളിക്കുന്നു. ആത്മാവ് പതിതമായിരിക്കുന്നു. ആത്മാവ് വിളിക്കുന്നു ബാബാ, വന്ന് ഞങ്ങളെ വീണ്ടും പാവനമാക്കി മാറ്റൂ... ബാബ പറയുന്നു, ഈ അന്തിമ ജന്മത്തിൽ പവിത്രമായി മാറൂ പിന്നീട് 21 ജന്മങ്ങളിലേക്ക് വളരെ സുഖിയായി മാറും. ബാബ വളരെ നല്ലകാര്യങ്ങളാണ് കേൾപ്പിക്കുന്നത്. മോശമായ കാര്യങ്ങളിൽ നിന്നും രക്ഷിക്കുന്നു, നിങ്ങൾ ദേവതയായിരുന്നില്ലേ. ഇപ്പോൾ വീണ്ടും ആയിത്തീരണം. പവിത്രമായി മാറൂ. എത്ര സഹജമാണ്. സമ്പാദ്യം വളരെ ഭാരിച്ചതാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ശിവബാബ വന്നിരിക്കുന്നു, ഓരോ 5000 വർഷങ്ങൾക്ക് ശേഷവും വരുന്നു. പഴയ ലോകത്തിൽ നിന്നും തീർച്ചയായും പുതിയലോകമാകും. ഇത് മറ്റാർക്കും പറയാൻ കഴിയില്ല. ശാസ്ത്രത്തിൽ കലിയുഗത്തിന്റെ ആയുസ്സിനെ വളരെ വലുതാക്കി. ഇതെല്ലാം ഡ്രാമയിലെ കാര്യങ്ങളാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ പാപങ്ങളിൽ നിന്നും മുക്തമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു, ഇനി ഒരു പാപവും ഉണ്ടാകരുത് ഇതിൽ ശ്രദ്ധ വേണം. ദേഹാഭിമാനത്തിൽ വരുന്നതിനാലാണ് മറ്റു വികാര ങ്ങൾ വരുന്നത്, ഇതിലൂടെയാണ് പാപങ്ങളുണ്ടാകുന്നത് അതിനാൽ ഭൂതങ്ങളെ ഓടിക്കണം. ഈ ലോക ത്തിലെ ഒരു വസ്തുവിനോടും മോഹം ഉണ്ടായിരിക്കരുത്. ഈ പഴയ ലോകത്തോട് വൈരാഗ്യം ഉണ്ടാക ണം. തീർച്ചയായും കാണുന്നുണ്ട്, പഴയ വീട്ടിലാണ് ഇരിക്കുന്നത് എങ്കിലും ബുദ്ധി പുതിയ ലോകത്തിൽ മുഴുകിയിരിക്കണം. എപ്പോൾ പുതിയ വീട്ടിലേക്ക് പോകുന്നുവോ അപ്പോൾ പുതിയതിനെത്തന്നെയല്ലേ കാണുക. എപ്പോൾ ഈ പഴയ ലോകം നശിക്കുന്നുവോ അതുവരേക്കും പഴയ ലോകത്തെ കണ്ണുകൾ കൊണ്ട് കണ്ടുകൊണ്ടും പുതിയതിനെ ഓർമ്മിക്കണം. പിന്നീട് പശ്ചാത്തപിക്കേണ്ടി വരുന്ന തരത്തിലുള്ള ഒരു കാര്യവും ചെയ്യരുത്. ഇന്ന് ഇന്നയാൾക്ക് ദുഃഖം നൽകി, ഇന്ന പാപം ചെയ്തു എങ്കിൽ ബാബയോട് ചോദിക്കാൻ പറ്റും ഇത് പാപമാണോ? എന്തിന് കോട്ടുവായ ഇടണം. ചോദിക്കുന്നില്ലെങ്കിൽ കോട്ടുവായ ഇട്ടുകൊണ്ടിരിക്കും. ബാബയോട് ചോദിച്ചാൽ ബാബ പെട്ടെന്ന് ഭാരം ഇല്ലാതാക്കും. നിങ്ങൾ വളരെ ഭാരി ച്ചവരാണ്. പാപങ്ങളുടെ ഭാരം വളരെ കടുത്തതാണ്. 21 ജന്മങ്ങളിലേക്ക് പിന്നീട് പാപഭാരത്തിൽ നിന്നും മുക്തമാകും. ജന്മ ജന്മാന്തരങ്ങളിലെ ഭാരം തലയിലുണ്ട്. എത്രത്തോളം ഓർമ്മയിൽ ഇരിക്കുന്നുവോ അത്രയും ഭാരം കുറയും. അഴുക്ക് ഇളകും പിന്നീട് സന്തോഷം വർദ്ധിക്കും. സത്യയുഗത്തിൽ നിങ്ങൾ വളരെ സന്തോഷത്തിലായിരുന്നു പിന്നീട് കല കുറഞ്ഞു വരുമ്പോൾ നിങ്ങളുടെ സന്തോഷം കാണാതാ യി. സത്യയുഗം മുതൽ കലിയുഗം വരെയുള്ള നിങ്ങളുടെ യാത്രക്ക് 5000 വർഷങ്ങൾ എടുക്കുന്നു. സ്വർഗ്ഗ ത്തിൽ നിന്നും നരകത്തിലേക്ക് വരുന്നതിനുള്ള യാത്രയെക്കുറിച്ച് നിങ്ങൾക്കിപ്പോൾ മനസ്സിലായി. നമ്മൾ എങ്ങനെയാണ് സ്വർഗ്ഗത്തിൽ നിന്നും നരകത്തിലെത്തിയത് എന്നത് നിങ്ങൾക്ക് അറിയാം. ഇപ്പോൾ നിങ്ങൾ വീണ്ടും നരകത്തിൽ നിന്നും സ്വർഗ്ഗത്തിലേക്ക് പോവുകയാണ്. ഒരു സെക്കന്റിൽ ജീവന്മുക്തി. ബാബയെ മനസ്സിലാക്കി. ബാബ വന്നിട്ടുണ്ട് അപ്പോൾ തീർച്ചയായും നമ്മെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകും. കുട്ടി കൾ ജനിച്ചു ഉടൻ സമ്പത്തിന് അധികാരിയായി. ബാബയുടേതായി മാറിയെങ്കിൽ പിന്നെ ലഹരി കയറണ മല്ലോ. എന്തുകൊണ്ടാണ് ഇറങ്ങുന്നത്. നിങ്ങൾ വലിയവരല്ലേ. പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളായിയെ ങ്കിൽ പരിധിയില്ലാത്ത രാജധാനിയിൽ നിങ്ങൾക്ക് അവകാശമുണ്ട് അതിനാൽ മഹിമയുമുണ്ട്– അതീന്ദ്രിയ സുഖം എന്താണെന്നറിയണമെങ്കിൽ ഗോപീവല്ലഭന്റെ ഗോപ–ഗോപികമാരോട് ചോദിക്കണം. വല്ലഭൻ ബാബ യല്ലേ, ബാബയോട് ചോദിക്കൂ. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് സന്തോഷം വർദ്ധിക്കുന്നു. ചിലർ പെട്ടെന്ന് തനിക്കുസമാനമാക്കി മാറ്റും. കുട്ടികളുടെ ജോലി തന്നെ ഇതാണ്, എല്ലാത്തിനേയും മറ പ്പിച്ച് തന്റെ രാജധാനിയുടെ ഓർമ്മ ഉണർത്തണം.

നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ കലിയുഗീ പഴയ ലോകമാണ് പിന്നീട് പുതിയ ലോകമുണ്ടാകും. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ഓരോ 5000 വർഷങ്ങൾക്ക് ശേഷവും ബാബ ഭാരതത്തിലാണ് വരുന്നത്. ബാബയുടെ ജയന്തിയും ആഘോഷിക്കുന്നു. നിങ്ങൾക്ക് അറിയാം ബാബ നമുക്ക് രാജധാനി നൽകിയിട്ട് പോകുന്നു പിന്നീട് ഓർമ്മിക്കേണ്ട ആവശ്യമില്ല പിന്നീട് എപ്പോ ഴാണോ ഭക്തി ആരംഭിക്കുന്നത് അപ്പോഴാണ് ഓർമ്മിക്കുന്നത്. ആത്മാവ് സമ്പത്ത് മുഴുവൻ കാലിയാക്കി, അതിനാലാണ് ഓർമ്മിക്കുന്നത്,ബാബാ വീണ്ടും വന്ന് ഞങ്ങളെ ശാന്തിധാമം സുഖധാമത്തിലേക്ക് കൊണ്ടു പോകൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്– ബാബ നമ്മുടെ അച്ഛനും, ടീച്ചറും, സദ്ഗുരുവു

മാണ്. സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യ ചക്രത്തിന്റെ, 84 ജന്മങ്ങളുടെ ജ്ഞാനം നിങ്ങളുടെ ബുദ്ധിയിലുണ്ട്. എണ്ണാൻ പറ്റാത്തത്രയും തവണ 84 ജന്മങ്ങൾ എടുത്തിട്ടുണ്ട് വീണ്ടും എടുത്തുകൊണ്ടുമിരിക്കും. ഇതിന് ഒരിക്കലും അവസാനമുണ്ടാകില്ല. നിങ്ങളുടെ ബുദ്ധിയിൽ ഈ ചക്രം, സ്വദർശന ചക്രം എന്നിവ മിനിറ്റിന് മിനിറ്റിന് ഓർമ്മ വരണം. ഇതാണ് മന്മനാഭവ, എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും പാപം ഭസ്മമാകും.

നിങ്ങൾ എപ്പോൾ കർമ്മാതീത അവസ്ഥയുടെ അടുത്ത് എത്തുന്നുവോ അപ്പോൾ നിങ്ങളിൽ നിന്നും ഒരു വികർമ്മവും ഉണ്ടാകില്ല. ഇപ്പോൾ കുറച്ച് കുറച്ച് വികർമ്മങ്ങൾ ഉണ്ടാകുന്നുണ്ട്. സമ്പൂർണ്ണ കർമ്മാതീത അവസ്ഥ ഇപ്പോൾ ഉണ്ടായിട്ടില്ല. ഈ ബാബയും നിങ്ങളോടൊപ്പമുള്ള വിദ്യാർത്ഥിയാണ്. പഠിപ്പിക്കുന്നയാൾ ശിവബാബയാണ്. തീർച്ചയായും ഇവരിലാണ് പ്രവേശിക്കുന്നത്, എങ്കിലും ഇവരും വിദ്യാർത്ഥിയാണ്. ഇതാണ് പുതിയ പുതിയ കാര്യങ്ങൾ. ഇപ്പോൾ നിങ്ങൾ ബാബയേയും സൃഷ്ടി ചക്രത്തേയും മാത്രം ഓർമ്മിക്കൂ. അത് ഭക്തിമാർഗ്ഗമാണ്, ഇതാണ് ജ്ഞാനമാർഗ്ഗം. രാത്രിയും പകലും പോലുള്ള വ്യത്യാസമുണ്ട്! അവിടെ എത്ര വാദ്യങ്ങൾ മുഴക്കുന്നു. ഇവിടെ ഓർമ്മിച്ചാൽ മാത്രം മതി. ആത്മാവ് അമരനാണ്, അകാലസിംഹാസനവും ഉണ്ട്. അകാലമൂർത്തി ബാബ മാത്രമാണ് എന്നല്ല. നിങ്ങളും അകാലമൂർത്തികളാണ്. അകാലമൂർത്തിയായ ആത്മാവിന്റെ സിംഹാസനമാണ് ഭൃകുടി. തീർച്ചയായും ഭൃകുടിയിൽത്തന്നെയാണ് ഇരിക്കുക. വയറ്റിൽ ഇരിക്കില്ലല്ലോ. അകാലമൂർത്തിയായ ആത്മാവിന്റെ സിംഹാസനം എവിടെയാണ് എന്നത് നിങ്ങൾക്കിപ്പോൾ അറിയാം. ഈ ഭൃഗുടിക്ക് നടുവിൽ നമ്മുടെ സിംഹാസനമുണ്ട്. അമൃത്സറിലും, അകാല സിംഹാസനമുണ്ടല്ലോ. അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. അകാലമൂർത്തി എന്നുപറഞ്ഞ് മഹിമയും പാടുന്നുണ്ട്. അവരുടെ അകാല സിംഹാസനം ഏതാണ് എന്നത് ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി, സിംഹാസനം ഇതുതന്നെയാണ്, ഇതിൽ ഇരുന്നാണ് കേൾപ്പിക്കുന്നത്. അതിനാൽ ആത്മാവ് അവിനാശിയാണ് എന്നാൽ ശരീരം വിനാശിയാണ്. ഇത് ആത്മാവിന്റെ അകാല സിംഹാസനമാണ്, സദാ ഈ അകാലസിംഹാസനം ഉണ്ടാകും. ഇത് നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. അവർ പിന്നീട് ആ സിംഹാസനം നിർമ്മിച്ച് പേരുവെച്ചു. വാസ്തവത്തിൽ അകാലനായ ആത്മാവ് ഇവിടെയാണ് ഇരിക്കുന്നത്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ അർത്ഥമുണ്ട്, ഒരേയൊരു ഓംകാരം... ഇതിന്റെ അർത്ഥം നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. മനുഷ്യർ ക്ഷേത്രങ്ങളിൽ ചെന്ന് അച്യുതം കേശവം... എന്ന് പാടുന്നു അർത്ഥമറിയാതെ ഇങ്ങനെതന്നെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. അച്യുതം കേശവം രാമനാരായണം.... ഇപ്പോൾ രാമനെവിടെ, നാരായണനെവിടെ. ബാബ പറയുന്നു, അതെല്ലാം ഭക്തിമാർഗ്ഗമാണ്. ജ്ഞാനം വളരെ സഹജമാണ്, ബാക്കി കാര്യങ്ങൾ ചോദിക്കുന്നതിനുമുമ്പ് അച്ഛനേയും, സമ്പത്തിനേയും ഓർമ്മിക്കണം, ഈ പരിശ്രമം ആരും ചെയ്യുന്നില്ല, മറന്നുപോകുന്നു. ഒരു നാടകവുമുണ്ട്– മായ ഇങ്ങനെ ചെയ്യുന്നു, ഭഗവാൻ അങ്ങനെ ചെയ്യുന്നു. നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു, മായ നിങ്ങളെ മറ്റു കൊടുങ്കാറ്റുകളിലേക്ക് കൊണ്ടുവരുന്നു. മായയുടെ ആജ്ഞയിതാണ്– വളരെ ശക്തിശാലിയായി യുദ്ധം ചെയ്യൂ, നിങ്ങളെല്ലാവരും യുദ്ധമൈതാനത്തിലാണ്. ഇതിൽ ഏതെല്ലാം പ്രകാരത്തിലുള്ള യോദ്ധാക്കളുണ്ട് എന്നും അറിയാം. ചിലർ വളരെ ബലഹീനമാണ്, ചിലർ അല്പം ബലഹീനമാണ് എന്നാൽ ചിലർ വളരെ തീക്ഷ്ണമാണ്. എല്ലാവരും മായയുമായി യുദ്ധം ചെയ്യുന്നവരാണ്. ഗുപ്തത്തിലും ഗുപ്തമായി അണ്ടർഗ്രൗണ്ടിലാണ്. അവരും അണ്ടർഗ്രൗണ്ടിൽ ബോംബുകളുടെ ട്രയൽ നടത്തുന്നു. ഇതും നിങ്ങൾ കുട്ടികൾക്കറിയാം, തന്റെ മരണത്തിനുവേണ്ടിയാണ് എല്ലാം ചെയ്യുന്നത്. നിങ്ങൾ തീർത്തും ശാന്തമായി ഇരിക്കുന്നു, അവരുടേത് സയൻസിന്റെ ബലമാണ്. പ്രകൃതിയുടെ ആപത്തുകളും ഒരുപാടാണ്. അതിൽ ആരുടേയും പ്രയത്നം ഫലപ്രദമാകുന്നില്ല. ഇപ്പോൾ കൃത്രിമമായ മഴക്കുവേണ്ടിയും പ്രയത്നിക്കുന്നു. കൃത്രിമമഴയുണ്ടെങ്കിൽ വിളവ് കൂടുതലാകുമല്ലോ. നിങ്ങൾ കുട്ടികൾക്ക് അറിയാം എത്ര തന്നെ മഴ പെയ്താലും പിന്നെയും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുകതന്നെ ചെയ്യും. തുടർച്ചയായി മഴ പെയ്താൽ പിന്നെ എന്തുചെയ്യാൻ സാധിക്കും. ഇതിനെയാണ് പ്രകൃതിക്ഷോഭം എന്ന് പറയുന്നത്. സത്യയുഗത്തിൽ ഇതുണ്ടാവില്ല. ഇവിടെയുണ്ടാകുന്നത് പിന്നീട് വിനാശത്തിന് സഹായിക്കുന്നു.

നിങ്ങളുടെ ബുദ്ധിയിലുണ്ട്, നമ്മൾ സത്യയുഗത്തിലാകുമ്പോൾ യമുനയുടെ തീരത്ത് സ്വർണ്ണക്കൊട്ടാരങ്ങളിലായിരിക്കും. നമ്മൾ കുറച്ച് പേരായിരിക്കും അവിടെ വസിക്കുന്നത്. കൽപ കൽപം ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കും. ആദ്യം കുറച്ചുപേരേ ഉണ്ടാകൂ പിന്നീട് വൃക്ഷം വളരുന്നു, അവിടെ മോശമായ ഒരു വസ്തുവും ഉണ്ടാവില്ല. ഇവിടെ നോക്കൂ പക്ഷികൾ പോലും അഴുക്കാക്കുന്നു, അവിടെ അഴുക്കിന്റെ കാര്യമേയില്ല, അതിനെ പറയുന്നത് സ്വർഗ്ഗം എന്നാണ്. ഇപ്പോൾ നമ്മൾ ദേവതയാവുകയാണ് എന്ന് മനസ്സിലാക്കുന്നുണ്ട് എങ്കിൽ ഉള്ളിൽ എത്ര സന്തോഷം ഉണ്ടാകണം. ബാബ പറയുന്നു, മായയാകുന്ന ജിന്നിൽ നിന്നും രക്ഷപ്പെടുന്നതിനായി കുട്ടികളേ ഈ ആത്മീയ ജോലിയിൽ മുഴുകൂ, മന്മനാഭവ.... അത്രയേയുള്ളു.

ഇതിൽ ജിന്നായി മാറൂ. ജിന്നിന്റെ ഉദാഹരണം നൽകാറുണ്ടല്ലോ. ജോലി നൽകണം എന്നു പറഞ്ഞു......... അപ്പോൾ ബാബയും ജോലി നൽകുകയാണ്. ഇല്ലെങ്കിൽ മായ തിന്നുകളയും. ബാബയുടെ പരിപൂർണ്ണ സഹായിയായി മാറണം. ബാബ ഒറ്റക്ക് ചെയ്യില്ല. ബാബ രാജ്യം പോലും ഭരിക്കുന്നില്ല. നിങ്ങൾ സേവനം ചെയ്യുന്നു, രാജ്യവും നിങ്ങൾക്കുള്ളതാണ്. ബാബ പറയുന്നു, ഞാനും മഗധദേശത്തിലാണ് വരുന്നത്. മായയും മുതലയാണ്, എത്രയധികം മഹാരഥികളെയാണ് വിഴുങ്ങുന്നത്. ഇതെല്ലാം ശത്രുവാണ്. തവള യുടെ ശത്രുവല്ലേ പാമ്പ്, അതുപോലെയാണ്. നിങ്ങൾക്കറിയാം, ഇങ്ങനെയുള്ള നിങ്ങളുടെ ശത്രുവാണ് മായ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) സ്വയം തന്നെ പാപങ്ങളിൽ നിന്നും മുക്തമാക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം, ദേഹാഭിമാനത്തിലേക്ക് ഒരിക്കലും വരരുത്. ഈ ലോകത്തിലെ ഒരു വസ്തുവിനോടും മോഹം വെക്കരുത്.

2) മായയാകുന്ന ജിന്നിൽ നിന്നും രക്ഷപ്പെടുന്നതിനായി ബുദ്ധിയെ ആത്മീയ ജോലിയിൽ ബിസിയാക്കി വെക്കണം. ബാബയുടെ പരിപൂർണ്ണ സഹായിയായി മാറണം.

## വരദാനം- സർവ്വഖജനാക്കളേയും സമയത്ത് ഉപയോഗിച്ചുകൊണ്ട് നിരന്തരമായ സന്തോഷത്തിന്റെ അനുഭവം ചെയ്യുന്ന ഭാഗ്യശാലി ആത്മാവായി ഭവിക്കട്ടെ.

ബാപ്ദാദയിൽനിന്നും ബ്രാഹ്മണജൻമം ലഭിച്ചയുടൻതന്നെ മുഴുവൻദിവസത്തേക്കുമായി അനേകം ശ്രേഷ്ഠതനിറഞ്ഞ സന്തോഷത്തിന്റെ ഖജനാവുകൾ പ്രാപ്തമാകുന്നുണ്ട്.അതിനാൽ താങ്കളുടെ പേരിൽനിന്നു പോലും ഇപ്പോഴത്തെ അനേകം ഭക്ത ആത്മാക്കൾക്ക് അൽപകാലത്തേക്ക് സന്തോഷം ലഭിക്കുന്നു.താങ്കളുടെജഡചിത്രങ്ങളെ നോക്കി സന്തോഷനൃത്തം ചെയ്യാൻ തുടങ്ങുന്നു.ഇങ്ങിനെയുള്ള താങ്കൾ എല്ലാവരും ഭാഗ്യശാലികളാണ്.ധാരാളം ഖജനാവുകൾ ലഭിച്ചിട്ടുണ്ട്, അവയെ സമയത്ത് ഉപയോഗിക്കണം. ചാവിയെ സദാ കൂടെ വെക്കൂ അഥവാ സദാസ്മൃതി ഉണ്ടാകട്ടെ,ഇതിനൊപ്പം സ്മൃതിയെ സ്വരൂപത്തിലേക്ക് കൊണ്ടുവന്നാൽ നിരന്തരമായ സന്തോഷത്തിന്റെ അനുഭവവും ഉണ്ടായിക്കൊണ്ടിരിക്കും.

## സ്ലോഗൻ- ബാബയുടെ ശ്രേഷ്ഠ ആശകളാകുന്ന ദീപത്തെ തെളിയിക്കുന്നവർ തന്നെയാണ് കുലദീപങ്ങൾ.

**അവ്യക്തസൂചന-ആത്മസ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ...**
ആത്മസ്ഥിതിയിൽ ഇരുന്നുകൊണ്ട് ബഹിർമുഖതയെ ഉപേക്ഷിച്ചാൽ പരിശ്രമത്തിൽ നിന്നും മുക്തമാകാം മാത്രമല്ല അനുഭവങ്ങളുടെ സാഗരത്തിൽ അലിയാം. ഒന്നോരണ്ടോ അനുഭവങ്ങളല്ല, അളവറ്റ അനുഭവങ്ങൾ ലഭിക്കും. ഒന്നോ രണ്ടോ അനുഭവങ്ങളിലൂടെ, അനുഭവങ്ങളുടെ തടാകത്തിൽ മാത്രമേ മുങ്ങാനാവൂ. സാഗരന്റെ കുട്ടികൾ അനുഭവങ്ങളുടെ സാഗരത്തിലാണ് അലിയേണ്ടത്.